ഉത്തരം

(എ & ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും സംബന്ധിച്ച് നിയോജക മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല.

ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിച്ച് കിട്ടുന്നതിനുള്ള അപേക്ഷ

96 (67) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂർ-നിലിശ്വരം പഞ്ചായത്തിൽ കൊറ്റമം കരയിൽ ആട്ടോക്കാരൻ ജോസും ഈറ്റക്കടവ് ഊഴത്തുക്കാരൻ വീട്ടിൽ ഒ. പി. ഡേവിഡും കളക്ടറുടെ റിപ്പോർട്ട് സഹിതം 18-05-2015-ാം തീയതി ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ച് കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ടിയാളുകളുടെ ദയനീയ സ്ഥിതി കണക്കിലെടുത്ത് പ്രസ്തുത അപേക്ഷ പാസാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഇത് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) അങ്കമാലി നിയോജക മണ്ഡലത്തിലെ മലയാറ്റൂർ-നിലിശ്വരം പഞ്ചായത്തിൽ കൊറ്റാമം കരയിൽ ആട്ടോക്കാരൻ ജോസിന് 27-11-2015 തീയതിയിലെ സ.ഉ.(സാധ)നമ്പർ 6331/15/റവ പ്രകാരം 10,000 രൂപ അനുവദിച്ചിട്ടുണ്ട്. (ക്രമ നമ്പർ 13)

ഈറ്റക്കടവ് ഊഴത്തുക്കാരൻ വീട്ടിൽ ഒ. പി. ഡേവിസിന്റെ മകൾ ഗ്രീന ഡേവിസിന്റെ ചികിത്സയ്ക്കായി 27.11.2015-ലെ സ.ഉ.(സാധ) നമ്പർ 6331/15/റവ പ്രകാരം അനുവദിച്ച 10,000 രൂപയ്ക്ക് (ക്രമ നമ്പർ 14) പുറമെ 04-02-2016-ലെ സ.ഉ. (സാധ)നമ്പർ 850/16/റവ പ്രകാരം 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം)യും കൂടി അനുവദിച്ചിട്ടുണ്ട്. തുക ലഭ്യമാക്കുന്നതിന് സർക്കാർ ഉത്തരവിന്റെ പകർപ്പ് എറണാകുളം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly